## ആരോഗ്യവകുപ്പ് ഡയറക്ടറുടെകാര്യാലയത്തിലെ അഡീഷണൽ

## ഡയറക്ടർ(എ& റ്റി)യുടെ നടപടി ക്രമം

വിഷയം;-ആ.വ.ഡ- ജീവനക്കാര്യം- കോവിഡ്-19 രോഗബാധയെ തുടർന്നുണ്ടായിരിക്കുന്ന അടിയന്തിര സാഹചര്യം തരണം ചെയ്യുന്നതിന്റെ ഭാഗമായി ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് ഗ്രേഡ്.1 തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഉത്തരവ് നം.ഇ.എസ് 3-10931/2009/ആ.വ.ഡ തീയതി 24.6.2013.

2) ഉത്തരവ് നം.ഇ.എസ് 3-12537/2015/ആ.വ.ഡ തീയതി 1.1.2016.

3) ഉത്തരവ് നം.ഇ.എസ് 3-13762/2020 /ആ.വ.ഡ തീയതി 17.8.2020

4) ജില്ലാ മെഡിക്കൽ ആഫീസർമാരിൽ നിന്നും ലഭിച്ച സേവന വിവരങ്ങൾ

**ഉത്തരവ് നം.ഇ4-3590/2020/ആ.വ.ഡ തീയതി.19.8.2020**

പരാമർശ പ്രകാരമുള്ള സീനിയോറിട്ടി ലിസ്റ്റുകളിൽ ഉൾപ്പെട്ട സീനിയറായ 57 ഫാർമസിസ്റ്റ് ഗ്രേഡ്.II ജീവനക്കാരെ ഫാർമസിസ്റ്റ് ഗ്രേഡ്.II തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് ഗ്രേഡ്.I തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് 26500-56700 എന്ന ശമ്പള സ്കെയിലിൽ റൂൾ 31(എ) കെ.എസ് & എസ്.എസ്.ആർ പ്രകാരം താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി അനക്സർ പട്ടികയിൽ ഉൾപ്പെടുത്തി അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന ജില്ലകളിൽ തത്ക്കാലം നിയമനം നൽകി ഉത്തരവാകുന്നു.

പൊതുസ്ഥലംമാറ്റ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും ആയത് നിലനിൽക്കുന്നതിനാലും നിലവിൽ ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ചിട്ടില്ല. കോവിഡ്-19 നിയന്ത്രണ/പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനാലും ചില ജില്ലകളിൽ ഫാർമസിസ്റ്റ് ഗ്രേഡ്.II പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനാലും ടി ജീവനക്കാർക്ക് നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നൽകുകയാണ് ചെയ്തിട്ടുള്ളത്.

ആയതിനാൽ പൊതുസ്ഥലംമാറ്റം നടക്കുന്ന വേളയിലും തുടർന്ന് സീനിയറായ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് ഉചിതമായ സ്ഥലംമാറ്റം നൽകുമ്പോഴും മേൽ വിവരിച്ച ജില്ലകളിലെ നിയമനം പുന:പരിശോധനയ്ക്ക് വിധേയമായിരിക്കും. തദവസരത്തിൽ ഇപ്രകാരം നൽകിയ സ്ഥാനക്കയറ്റത്തോടൊപ്പമുള്ള താത്ക്കാലിക നിയമനം ആവശ്യമെങ്കിൽ പുന: ക്രമീകരിക്കുന്നതും മറ്റ ജില്ലകളിലേക്ക്/ സ്ഥാപനങ്ങളിലേയ്ക്ക് പുനർനിയമനം നൽകുന്നതുമാണ്.

മേൽ സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ഉചിതമായ രീതിയിൽ നിയമനം നൽകേണ്ടതും സ്ഥാപന മേധാവികൾ ടി ജീവനക്കാരുടെ പേര്, റാങ്ക് നമ്പർ എന്നിവ പരിശോധിച്ച് ജില്ലാ മെഡിക്കൽ ആഫീസുകളിൽ നിന്നും നിയമന ഉത്തരവ് ലഭിച്ച ശേഷം വിടുതൽ ചെയ്യേണ്ടതുമാണ്. വിടുതൽ ചെയ്ത തീയതിയും ജോലിയിൽ പ്രവേശിച്ച തീയതിയും ആരോഗ്യവകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിപ്പിച്ച് വെയ്ക്കേണ്ടതും സ്പാർക്കിൽ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് വിടുതൽ/ പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

ഒപ്പ്/-
ഡോ.സെമീറ.എ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ/ സ്ഥാപന മേധാവികൾ
2.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
3.ഫയൽ/ കരുതൽ ഫയൽ

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്.

വി.എം.

ANNEXURE

Promotion in the cadre of Pharmacist Gr II to Pharmacist Gr I

| Sl No | Rank No. | PEN No. | Name(Sri/Smt) | Present station | Promoted and posted |
|---|---|---|---|---|---|
| 1 | 244 A(1999-2008) | 379682 | Dinesh M E | District Hospital Kanhangad | Kasargode |
| 2 | 397A(1999-2008) | 236403 | Manju K Jacob | FHC Karavalur Kollam | Pathanamthitta |
| 3 | 415(1999-2008) | 459597 | Sony N S | CHC Pathanapuram Kollam | Kollam |
| 4 | 13A(2009-2013) | | Muhammed Fysi E | PHC Elamadu Kollam | Thiruvananthapuram |
| 5 | 139A(2009-2013) | 620164 | Ajithkumar V | Govt Dispensary Chimini Dam Thrissur | Thrissur |
| 6 | 283A(2009-2013) | 599588 | Chithra K S | PHC, Peringamala, Tvpm | Thiruvananthapuram |
| 7 | 285 | | Shanavas K M | Govt Dispensary KAP Ramavarmapuram Thrissur | Ernakulam |
| 8 | 286 | 314810 | Biju George K | Dist TB Center Thrissur | Thrissur |
| 9 | 287 | 693146 | Baby Siji S | PHC, Purakkad, Alappuzha | Alappuzha |
| 10 | 288 | 693165 | Sindhu M | Tlq Hospital, Peravoor, Kannur | Kannur |
| 11 | 289 | 695663 | Akhil V S | PHC, Panavoor, Tvpm | Thiruvananthapuram |
| 12 | 289A | 302500 | Gigimol G | PHC Alappad Kollam | Kollam |
| 13 | 291 | 700405 | James Cameelo M | Dist Hospital, Palakkad | Ernakulam |
| 14 | 292 | 699357 | Honey T J | CHC, Kuzhalmannan, Palakkad | Ernakulam |
| 15 | 293 | 702076 | Anoosha Beegum P A | PHC Chandanapally Pathanamthitta | Pathanamthitta |
| 16 | 294 | 702840 | Saneesh R | District Hospital Tirur Malappuram | Malappuram |
| 17 | 295 | 702341 | Shanmukhadsas A P | PHC Athavanad Malappuram | Kozhikode |
| 18 | 296 | 701367 | Sabitha K | PHC Palapetty Malappuram | Kozhikode |
| 19 | 297 | 701520 | Sreeja K | PHC Chaliyar Malappuram | Kozhikode |
| 20 | 298 | 701640 | Akhila M | PHC Thazhekkode Malappuram | Kozhikode |